# കുടുംബശ്രീ ഇന്റേൺഷിപ്പ് പ്രോഗ്രാം വരുന്നു...

സർക്കാരിന്റെ 100 ദിന പദ്ധതികളുടെ ഭാഗമായി 50,000 പേർക്ക് വിവിധ പദ്ധതികൾ വഴി തൊഴിൽ നൽകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പരിപാടികളുമായി മുന്നോട്ട് പോകുകയാണ് കുടുംബശ്രീ മിഷനും. ഇതിന്റെ ഭാഗമായുള്ള 'അതിജീവനം കേരളീയം' എന്ന പ്രത്യേക ക്യാമ്പെയ്ൻ വഴി അർഹരായവരും താത്പര്യമുള്ളവരുമായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കുടുംബശ്രീ സിഡിഎസ് തലത്തിൽ നടന്നുവരികയാണ്. ഇങ്ങനെ കണ്ടെത്തുന്നവർക്ക് പൊതുഅവബോധ പരിശീലനവും നൈപുണ്യ പരിശീലനവും നൽകി വിവിധ പിന്തുണകളേകി അവർക്ക് വരുമാനമാർഗ്ഗം നേടിക്കൊടുക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഈ പദ്ധതി വളരെ ആവേശത്തോടെയാണ് എല്ലാ ജില്ലകളും സിഡിഎസുകളും അയൽക്കൂട്ടങ്ങളും ഏറ്റെടുത്തിരിക്കുന്നത്. അതിനാൽ തന്നെ ഈ പദ്ധതി മികച്ച വിജയം നേടിയെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ക്യാമ്പെയ്ന്റെ വിജയത്തിനായി ഒരു ദ്വൈമാസ ഇന്റേൺഷിപ്പ് പ്രോഗ്രാമും ഞങ്ങൾ ആരംഭിക്കുകയാണ്. കുടുംബശ്രീ 'അതിജീവനം കേരളീയം' ഇന്റേൺഷിപ്പ് പ്രോഗ്രാം എന്ന ഈ പദ്ധതി വഴി തത്പരരായ യുവതീയുവാക്കൾക്ക് ഓരോ സിഡിഎസിലും ആ സിഡിഎസിനോട് ചേർന്ന് കൊണ്ട് ഉപജീവന പദ്ധതികൾ കണ്ടെത്താനും അത് മികവിലേക്കെത്തിക്കാനുമുള്ള അവസരമാണുണ്ടാകുക. പദ്ധതിയുടെ ഭാഗമാകാൻ വനിതകൾക്ക് മുൻഗണനയുണ്ടാകും. ഈ ഇന്റേൺഷിപ്പ് പ്രോഗ്രാമിനെ പറ്റിയുള്ള വിശദാംശങ്ങൾ https://www.kudumbashree.org/pages/476 എന്ന ലിങ്കിൽ ലഭ്യമാണ്. ഇന്റേൺഷിപ്പ് പദ്ധതിയെപ്പറ്റിയുള്ള ചുരുങ്ങിയ വിശദാംശങ്ങൾ താഴെ നൽകുന്നു.

1. വിദ്യാഭ്യാസ യോഗ്യത - ബിരുദധാരികളായ ആർക്കും അപേക്ഷിക്കാം
2. പ്രായപരിധി - 20 വയസ്സ് തികഞ്ഞവരും 30ൽ അധികരിക്കാത്തവരും
3. അവരവർ താമസിക്കുന്ന തദ്ദേശ സ്ഥാപനത്തിലെ സിഡിഎസിൽ മാത്രമാണ് ഇന്റേൺഷിപ്പ് ചെയ്യാനാകുക
4. തിയതിയും സമർപ്പിക്കേണ്ട ഇടവും- ഒക്ടോബർ 23 മുതൽ നവംബർ 5 വരെ അതാത് സിഡിഎസുകളിൽ .അപേക്ഷ സമർപ്പിക്കാനാകും.
5. എല്ലാ സിഡിഎസുകളിലും ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന 2020 നവംബർ 6ന് നടത്തി അന്ന് തന്നെ ഇന്റേണിനെ തെരഞ്ഞെടുക്കും.

തെരഞ്ഞെടുത്തവർക്ക് നവംബർ 7 മുതൽ ജനുവരി 7 വരെ പ്രസ്തുത സിഡിഎസിൽ ഈ ഇന്റേൺഷിപ്പ് ചെയ്യാനാകും.

6. സേവനമനോഭാവത്തോടെ പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്നവർക്ക് ഇന്റേൺഷിപ്പിന്റെ ഭാഗമാകാം. ഇന്റേൺഷിപ്പ് ചെയ്യുന്നവർക്ക് വേതനം, ഹോണറേറിയം, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതല്ല.
7. പുതിയ ആശയങ്ങളുടെ ആവിഷ്ക്കാരവും നടപ്പാക്കലും, സംരംഭങ്ങളെ സഹായിക്കൽ, ഡേറ്റ അനാലിസിസ്, ഡേറ്റാ മാനേജ്മെന്റ്...തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇന്റേൺഷിപ്പിന്റെ ഭാഗമായി ചെയ്യേണ്ടി വരിക.
8. ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവർക്ക് ഇന്റേൺഷിപ്പ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും നൽകുന്നതായിരിക്കും.

ഈ ഇന്റേൺഷിപ്പ് പദ്ധതിയുടെ ഭാഗമായി നിങ്ങളുടെ വൈദഗ്ധ്യം ഉപയോഗിച്ച് സിഡിഎസുമായി ചേർന്ന് പ്രവർത്തിച്ച് കുടുംബശ്രീയിലൂടെ മാറ്റങ്ങൾ വരുത്താനും സമൂഹത്തിന് സേവനമേകാനും താത്പര്യമുള്ളവർക്ക് അതാത് തദ്ദേശ സ്ഥാപന സിഡിഎസുകളെ ബന്ധപ്പെടാം കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യവും ഉപജീവന ദൗത്യവുമായ കുടുംബശ്രീയിലൂടെ നടത്തുന്ന ഒരു ബൃഹത്തായ ഉപജീവന പദ്ധതിക്ക് ഈ ഇന്റേൺഷിപ്പിലൂടെ മികച്ച സംഭാവനയേകാനുള്ള അവസരമാണ് ഇപ്പോൾ നിങ്ങൾക്കുള്ളത്. താത്പര്യമുള്ള ഏവരും അതാത് തദ്ദേശ സ്ഥാപനങ്ങളിൽ ഈ ഇന്റേൺഷിപ്പ് പദ്ധതിയുടെ ഭാഗമാകുമെന്ന് പ്രതീക്ഷിക്കട്ടെ.